"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.ജോൺ സി.ജെ, ചെല്ലപ്പുറത്ത് വീട്, ഓണക്കൂർ.പി.ഒ, മൂവാറ്റുപുഴ, എറണാകുളം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.452/2026/ID തീയതി,തിരുവനന്തപുരം, 20-04-2026

---

പരാമർശം:-

1. എറണാകുളം ജിയോളജിസ്റ്റിന്റെ 07/07/2022 തീയതിയിലെ 137/22-23/ഡിഎ/897/ഇ2/19 നമ്പർ നടപടിക്രമം.
2. ശ്രീ.ജോൺ സി.ജെ, ചെല്ലപ്പുറത്ത് ചുത്തൻപുരയിൽ വീട്, ഓണക്കൂർ പി.ഒ, പാമ്പാക്കുട 26.08.2022 ൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 29/01/2024 ലെ ഡി.എം.ജി/265/2024-എം5നമ്പർ കത്ത്.
4. 22/09/2022 തീയതിയിലെ WP(C) NO. 29816/2022 വിധിന്യായം

**<u>ഉത്തരവ്</u>**

മൂവാറ്റുപുഴ താലൂക്കിൽ ഓണക്കൂർ വില്ലേജിൽ സർവ്വേ നമ്പർ 928/2B2-ൽപ്പെട്ട സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന്റെ ആവശ്യത്തിലേക്കായി ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ 4724 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ശ്രീ.ജോൺ സി.ജെ, ചെല്ലപ്പുറത്ത് ചുത്തൻപുരയിൽ വീട്, ഓണക്കൂർ പി.ഒ, പാമ്പാക്കുട എന്നയാൾക്ക് അനുമതി നൽകിയിരുന്നുവെങ്കിലും എന്നാൽ നാളിതുവരെ ടി സ്ഥലത്ത് കെട്ടിടത്തിന്റെ അടിത്തറ പോലും നിർമ്മിച്ചിട്ടില്ലാത്തതിനാൽ കാരണം എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആവശ്യപ്പെടുകയും ആയതിന് ശ്രീ.ജോൺ സി.ജെ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ കെട്ടിടം നിർമ്മിക്കുന്ന തിന്റെ ആവശ്യത്തിലേക്കായി ബിൽഡിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ നീക്കം ചെയ്ത 4724 മെട്രിക് ടൺ സാധാരണ മണ്ണിന് കെ.എം.എം.സി ചട്ടങ്ങളിലെ റൂൾ 14(5) പ്രകാരം റോൽറ്റിയുടെ അഞ്ച് ഇരട്ടി തുകയായ 4,72,400/-രൂപയും കോമ്പൗണ്ടിംഗ് ഫീ ആയി 25,000/-രൂപയും ചേർത്ത് 4,97,400/-രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി നാനൂറ് രൂപ മാത്രം) സർക്കാരിലേക്ക് ഒടുക്കുവാൻ ആവശ്യപ്പെട്ട് 09.07.2022 തീയതിയിൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച നടപടിക്രമത്തിനെതിരെ പരാമർശം (2) പ്രകാരം ശ്രീ.ജോൺ സി.ജെ, ചെല്ലപ്പുറത്ത് ചുത്തൻപുരയിൽ വീട്, ഓണക്കൂർ പി.ഒ, പാമ്പാക്കുട സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നു.

3. അപ്പീൽ ഹർജി സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഉദ്യോഗസ്ഥർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ ഓണക്കൂർ വില്ലേജിൽ സർവേ നമ്പർ 928/2-B-2 ൽപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണമണ്ണ് നീക്കംചെയ്യുന്നതിന് പാമ്പാക്കുട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽഡിങ് പെർമിറ്റ്, ഡെവലപ്മെന്റ് പെർമിറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ശ്രീ. ജോൺ സി.ജെ. ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നതാണ്. ആയതിന്മേൽ ഈ ഓഫീസിൽനിന്നും സ്ഥലപരിശോധന നടത്തുകയും, ടി സ്ഥലത്തുനിന്നും 2301.14 ക്യൂബിക് മീറ്റർ (4724 മെട്രിക് ടൺ ) സാധാരണമണ്ണ് 2015ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നീക്കംചെയ്യുന്നതിന് 19-11-2020 മുതൽ 26-11-2020 വരെ കാലാവധിയോടെ 16-11-2020ൽ 169/20-21/ഡിഇ/897/ഇ2/2019 നമ്പരായി ജില്ലാ ഓഫീസിൽനിന്നും അനുമതി നൽ കിയിരുന്നതുമാണ് പ്രസ്തുത സ്ഥലത്ത് കെട്ടിടനിർമ്മാണം നടത്തിയിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം നടപടി സ്വീകരിക്കുന്നതിന് 20-05-2022ന് ഡിഇ/899/ഇ2/19 നമ്പർ നോട്ടീസ് നൽകിയിരുന്നു. ഇതിന് ടിയാൻ 06-06-2022ൽ സമർപ്പിച്ച മറുപടിയിൽ ഹൃദയസംബന്ധമായ രോഗബാധിതനായി ദീർഘകാലമായി ചികിത്സയിലായിരു ന്നതായും, ആയതിനാൽ കെട്ടിടനിർമ്മാണത്തിന് സാവകാശം അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ഇതിലേക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും ഹാജരാക്കിയിരുന്നു. 2015ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടിയിൽനിന്നും ടിയാനെ ഒഴിവാക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ മേൽ ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം റോയൽറ്റിയുടെ അഞ്ചിരട്ടി തുകയായ 4,72,400/- രൂപയും കോമ്പൗണ്ടിങ് ഫീസായ 25,000/- രൂപയും ചേർത്ത് ആകെ 4,97,400/- രൂപ ഒടുക്കുന്നതിന് 07-07-2022ന് 137/22-23/ ഡിഇ/897/19 നമ്പർ ഉത്തരവുപ്രകാരം ടിയാന് നിർദ്ദേശം നൽകിയിരുന്നതാണ്. ഇതിനെതിരെ ടിയാൻ ബഹു. ഹൈക്കോടതിമുമ്പാകെ WP(C)No. 29816/2022 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ഇതിൽ ബഹു. ഹൈക്കോടതിയുടെ 22-09-2022ലെ വിധിന്യായത്തിൽ നോട്ടീസ് സ്റ്റേ ചെയ്തിട്ടുള്ളതും ശ്രീ. ജോൺ സി.ജെ. സമർപ്പിച്ച അപ്പീലിൽ അപ്പിൽ അധികാരി സ്റ്റേ പെറ്റീഷനിൽ 2 മാസത്തിനകം നടപടി സ്വീകരിക്കാൻ ഉത്തരവായിട്ടുള്ളതുമാണ് . എന്നാൽ ബഹു. ഹൈക്കോടതിയുടെ മേൽ ഉത്തരവ് ഈ ഓഫീസിന്റെ ശ്രദ്ധയിൽപ്പെടുകയോ, ആയത് അപേക്ഷകൻ ഹാജരാക്കുകയോ ചെയ്തിരുന്നില്ല. സർക്കാരിൽ അപ്പിൽ സമർപ്പിച്ചതായും ടിയാൻ ഈ ഓഫീസിനെ അറിയിച്ചിരുന്നില്ല.

മേൽ ഫയൽ പരിശോധിച്ചതിലും ചട്ടപ്രകാരമുള്ള തുടർനടപടിയെന്ന രീതിയിലും 07-07-2022ൽ നൽകിയ 137/22-23/ഡിഇ/897/19 നമ്പർ നോട്ടീസിൽ 2015ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(5) പരാമർശിക്കാത്ത പിഴയായ 25,000/- രൂപ ഉൾപ്പെടുത്തിയിരുന്നതിനാൽ ടി തുക ഒഴിവാക്കി 4724 മെട്രിക് ടൺ സാധാരണമണ്ണിന്റെ അഞ്ചിരട്ടി റോയൽറ്റിയായ 4,72,400/- രൂപ ഒടുക്കുവാൻ 08-1-2023ലെ 81/2023-24/ഡിഇ/897/19 നമ്പർ ഉത്തരവുപ്രകാരം നിർദ്ദേശിച്ചിരുന്നു.എന്നാൽ ടി ഉത്തരവ്

തിരുത്തലുകൾ ഉൾപ്പെടുത്തിയാണ് നൽകുന്നതെന്ന വിശദീകരണം നൽകിയിരുന്നില്ല. കൂടാതെ ബഹു. കോടതിയുടെ ഉത്തരവ് ഈ ഓഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല എന്നതിനാലാണ് പുതിയ നടപടിക്രമം നൽകിയത്. ഇതിനെതിരെ ശ്രീ. ജോൺ സി.ജെ. ബഹു. ഹൈക്കോടതിയിൽ WP(C) No.12952024 ഫയൽചെയ്തിരുന്നതും പ്രസ്തുത റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിൽനിന്നും നൽകിയ ഉത്തരവ് പിൻവലിച്ചതായി 17-01-2024ന് DOE/897/E2/2019 നമ്പർ കത്തുമുഖേന അറിയിച്ചിട്ടുള്ളതുമാണ് . 2015ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം 4724 മെട്രിക് ടൺ സാധാരണമണ്ണിന്റെ അഞ്ചിരട്ടി റോയൽറ്റി തുകയായ 4,72,400/- രൂപ അപ്പലന്റ് ഒടുക്കാൻ ബാദ്ധ്യസ്ഥനാണെന്നവിവരം അറിയിക്കുന്നു.

2. അപ്പീൽ ഹർജി പ്രകാരം അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റിനെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും 29/01/2024 ന് അപ്പീൽ അധികാരി നേരിൽ കേട്ടു.

3. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്താതെയാണ് കെട്ടിടനിർമ്മാണം നടത്തിയിട്ടില്ലായെന്ന് ആരോപിച്ച് ഡിമാന്റ് നോട്ടീസ് നൽകിയതെന്നും അപ്പീൽ കക്ഷിക്കും ഭാര്യക്കും കടുത്ത ആരോഗ്യപ്രശ്നങ്ങളുള്ളതിന്റെ ഭാഗമായി ചികിത്സക്ക് പണം ചെലവായെന്നും സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നും KMMC ചട്ടം പ്രകാരം കുറ്റം compound ചെയ്യാതെ ജിയോളജിസ്റ്റിന് ഡിമാൻറ് നോട്ടീസ് നല്കുന്നതിനുള്ള അധികാരം ഇല്ലെന്നും അതിനാൽ ടി നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുവാൻ അപ്പീൽ കക്ഷി ബാദ്ധ്യസ്ഥനല്ലെന്നും അപ്പീൽ കക്ഷിക്ക് വേണ്ടി ഹാജരായ അഡ്വക്കേറ്റ് വാദിച്ചു.

4. അപ്പീൽ കക്ഷിയുടെ വാദത്തിനെറയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചു. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ ഓണക്കൂർ വില്ലേജിൽ സർവേ നമ്പർ 928/2-B-2 ൽപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണമണ്ണ് നീക്കംചെയ്യുന്നതിന് പാമ്പാക്കുട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ബിൽഡിങ് പെർമിറ്റ്, ഡെവലപ്മെന്റ് പെർമിറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ശ്രീ. ജോൺ സി.ജെ. ജില്ലാ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നതാണ്. ആയതിന്മേൽ ടി ഓഫീസിൽനിന്നും സ്ഥലപരിശോധന നടത്തുകയും, ടി സ്ഥലത്തുനിന്നും 2301.14 ക്യൂബിക് മീറ്റർ (4724 മെട്രിക് ടൺ) സാധാരണമണ്ണ് 2015ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നീക്കംചെയ്യുന്നതിന് 19-11-2020 മുതൽ 26-11-2020 വരെ കാലാവധിയോടെ 16-11-2020ൽ 169/20-21/ഡിഒഇ/897/ഇ2/2019 നമ്പരായി ജില്ലാ ഓഫീസിൽനിന്നും അനുമതി നൽകിയത്.പ്രസ്തുത സ്ഥലത്ത് കെട്ടിടനിർമ്മാണം നടത്തിയിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(5) പ്രകാരം നടപടി സ്വീകരിക്കുന്നതിന് 20-05-2022ന് ഡിഒഇ/899/ഇ2/19 നമ്പർ നോട്ടീസ് നൽകിയത്.ഇതിന് ടിയാൻ 06-06-2022ൽ സമർപ്പിച്ച മറുപടിയിൽ ഹൃദയസംബന്ധമായ രോഗബാധിതനായി ദീർഘകാലമായി ചികിത്സയിലായിരുന്നതായും, ആയതിനാൽ കെട്ടിടനിർമ്മാണത്തിന് സാവകാശം അനുവദിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല കെട്ടിടത്തിൻെ അടിത്തറ എങ്കിലും കെട്ടിയതായി തെളിയിക്കുവാനുള്ള ഒരു രേഖയും അപ്പീൽ കക്ഷിക്ക് ഹിയറിംഗ് വേളയിൽ ഹാജരാക്കുവാനും കഴിഞ്ഞിട്ടില്ല.മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകിയത് ജില്ലാ ജിയോളജിസ്റ്റാണ്.അതിനാൽ ചട്ടലംഘനം ശ്രദ്ധയിൽപ്പെട്ടാൽ അതു സംബന്ധിച്ച നോട്ടീസ് നല്കുന്നതിനും അധികാരപ്പെട്ട ഉദ്യോഗസ്ഥൻ KMMC ചട്ടം

പ്രകാരം ജില്ലാ ജിയോളജിസ്റ്റ് തന്നെയാണ്.ഈ വസ്തുതകളിൽ നിന്നും അപ്പീൽ കക്ഷിയുടെ വാദത്തിൽ കഴമ്പുള്ളതായി കാണുന്നില്ല.എന്നാൽ 07-07-2022ൽ നൽകിയ 137/22-23/ഡിഇഇ/897/19 നമ്പർ നോട്ടീസിൽ 2015ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14(5) പരാമർശിക്കാത്ത പിഴയായ 25,000/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.അതിനാൽ ടി പിഴ തുക ഒഴിവാക്കി 4724 മെട്രിക് ടൺ സാധാരണമണ്ണിന്റെ ചട്ടം പ്രകാരമുള്ള അഞ്ചിരട്ടി റോയൽറ്റിയായ 4,72,400/- രൂപ മാത്രം ഒടുക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് പുതുക്കിയ ഡിമാൻറ് നോട്ടീസ്/ഉത്തരവ് നൽകി അതനുസരിച്ചുള്ള തുക അടിയന്തരമായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കി കൊണ്ടും അപ്രകാരം കോടതി വിധി നടപ്പിലാക്കിയും ശ്രീ.ജോൺ സി.ജെ, ചെല്ലപ്പുറത്ത് വീട്, ഓണക്കൂർ.പി.ഒ, മൂവാറ്റുപുഴ, എറണാകുളം പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീ.ജോൺ സി.ജെ, ചെല്ലപ്പുറത്ത് വീട്, ഓണക്കൂർ.പി.ഒ, മൂവാറ്റുപുഴ, എറണാകുളം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (With CL)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.
ജില്ലാ ജിയോളജിസ്റ്റ്,എറണാകുളം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ വകുപ്പ്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 20-04-2026 16:30:44